# അദ്ധ്യായം - 50



*1) കാക്കാസാഹെബ് ദീക്ഷിത് 2) ശ്രീ തെമ്പയ് സ്വാമി 3) ബാലറാംധുരന്ധർ എന്നിവരുടെ കഥകൾ.*

*മൂലഗ്രന്ഥത്തിലെ 50–ാം അദ്ധ്യായം 39–ാം അദ്ധ്യായത്തിൽ ചേർത്തിയിരിക്കുന്നു. കാരണം രണ്ടും ഒരേ സംഗതികളാണ് പ്രതിപാദിക്കുന്നത്. അതുകൊണ്ട് മൂലഗ്രന്ഥത്തിലെ 51–ാം അദ്ധ്യായത്തെയാണ് ഇവിടെ 50–ാം അദ്ധ്യായമായി ചേർക്കുന്നത്. ഈ അദ്ധ്യായം 1. കാക്കാസാഹെബ്ദീക്ഷിത് 2. തെമ്പയ് സ്വാമി 3. ബാലറാം ധുരന്ധർ എന്നിവരുടെ കഥകളെ പറയുന്നു.*

## മുഖവുര

ഭക്തന്മാരുടെ പ്രധാന അവലംബവും നമ്മുടെ സദ്ഗുരുവും ഗീതയുടെ അർത്ഥം പറഞ്ഞുതരുന്ന ദേഹവും നമ്മുടെ ശക്തിദാതാവുമായ സായിനാഥ് ജയിക്കട്ടെ! ഹേ സായി ! ഞങ്ങളെ സഹായദൃഷ്ടികളോടെ നോക്കി അനുഗ്രഹിച്ചാലും.

ചന്ദനതരു മലയാചലത്തിൽ വളർന്ന് ചൂടിനെ അകറ്റുന്നു.

കാർമേഘങ്ങൾ ജലവർഷം ചെയ്ത് ജനങ്ങൾക്ക് കുളിരും ഉന്മേഷവും തരുന്നു. വസന്തത്തിൽ പുഷ്പങ്ങൾ വിരിഞ്ഞു നമുക്ക് ഈശ്വരാരാധനക്ക് ഉപയോഗപ്പെടുന്നു. അതുപോലെതന്നെ സായിബാബയുടെ കഥകൾ വായനക്കാർക്ക് ആശ്വാസവും സുഖവും പ്രദാനം ചെയ്യാനായി ഉത്ഭവിച്ചവയാണ്. ബാബയുടെ കഥകൾ പറയുന്നവരും അത് കേൾക്കുന്നവരും പുണ്യാത്മാക്കളും അനുഗൃഹീതരുമാണ്. പറയുന്നവരുടെ വായും കേൾക്കുന്നവരുടെ കാതും പരിശുദ്ധമാകുന്നു.

നൂറുവിധം സാധനകളനുഷ്ടിച്ചാലും സദ്ഗുരു പ്രസാദിക്കാതെ ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ലെന്നത് വിശ്വവിശ്രുതമായ കാര്യമാണ്. ഇത് ഉദാഹരിക്കുന്ന താഴെ പറയുന്ന കഥകൾ കേൾക്കുവിൻ.

## കാക്കാസാഹെബ് ദീക്ഷിത് (1864-1926)

ഹരിസീതാറാം എന്ന അപരനാമത്തോടുകൂടി കാക്കാസാഹെബ്ദീക്ഷിത് വഡ്നഗര നഗർ ബ്രാഹ്മണ കുടുംബത്തിൽ സി. പി.യിലെ ഖാൻഡ്വയിൽ 1864-ൽ ജനിച്ചു. അയാളുടെ ആദ്യകാല വിദ്യാഭ്യാസം ഖാൻജ്വയിലും ഹിൽഗൽഖട്ടിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം നാഗ്പൂരിലുമായിരുന്നു. കോളേജ് വിദ്യാഭ്യാസത്തിന് ബോംബെയിൽ നിന്ന് ആദ്യം വിൽസണിലും പിന്നീട് എൽഫിൻസ്റ്റൺ കോളേജിലും പഠിച്ചു. ബിരുദമെടുത്ത ശേഷം (1883) എൽ. എൽ. ബി. പരീക്ഷയും സോളിസിറ്റർ പരീക്ഷയും പാസായി ഗവൺമെന്റ് സോളിസിറ്റർമാരായ മെസ്സേർസ് ലിറ്റിൽ ഏന്റ് കമ്പിനിയിൽ ജോലി നോക്കി. കുറച്ചുകാലത്തിനുശേഷം സ്വന്തമായൊരു സോളിസിറ്റർ ഫേം തുടങ്ങി.

1909-ന് മുമ്പ് കാക്കാസാഹെബ് ദീക്ഷിത്തിന് ബാബയെ

പ്പറ്റി അറിവില്ലായിരുന്നു. അതിനുശേഷം അയാൾ ബാബയുടെ വലിയ ഭക്തനായിതീർന്നു. അയാൾ ലോനാവാലയിൽ താമസി ക്കുമ്പോൾ പഴയ സുഹൃത്തായ നാനാസാഹെബ് ചന്ദോർക്കറെ കാണുവാനിടയായി. രണ്ടുപേരും പലതിനെക്കുറിച്ചും സംസാ രിച്ചു. കാക്കാസാഹെബ് താൻ ലണ്ടനിൽ വെച്ച് വണ്ടികയറാൻ നോക്കുമ്പോൾ താഴെവീണ് കാലിന് പരുക്ക്പറ്റിയ വിവരം പറ ഞ്ഞു. 100 തരം ചികിത്സകളെകൊണ്ടും ഒരു കാര്യവുമുണ്ടായി ല്ല. നാനാസാഹെബ് അതിന് മറുപടിയായി അയാൾക്ക് കാലിന്റെ വേദനയും മുടന്തും മാറണമെങ്കിൽ തന്റെ സദ്ഗുരു സായിബാ ബയെ സമീപിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞു. ബാബയെ പറ്റിയവിവരങ്ങളെല്ലാം പറഞ്ഞുകൊടുത്തു. കൂടെ സായിബാബ യുടെ “ഞാൻ എന്റെ ആളുകളെ എത്ര ദൂരെനിന്നും, ഏഴുകടലു കൾക്കപ്പുറമായാലും, ഒരു കിളിയുടെ കാലിൽ ചരടിട്ട് വലിക്കും പോലെ എന്നിലെക്ക് ആകർഷിക്കുന്നു”. എന്ന വചനവും പറ ഞ്ഞുകൊടുത്തു. അയാൾ ഇത്രയും കൂടി പറഞ്ഞു. “ഒരാൾ ബാബ യുടെ ആൾ അല്ലെങ്കിൽ അയാളെ അങ്ങോട്ട് ആകർഷിക്കുകയോ ദർശനം കിട്ടുകയോ ചെയ്യില്ല”. ഇതു കേട്ട് കാക്കാസാഹെബ് സന്തുഷ്ടനായി. താൻ ബാബയെ ചെന്ന് കണ്ട് കാലിന്റെ മുടന്ത ല്ലാ, മനസ്സിന്റെ മുടന്ത് മാറ്റി ശാശ്വതാനന്ദം പ്രദാനം ചെയ്യാൻ പ്രാർത്ഥിക്കുമെന്ന് പറഞ്ഞു.

കുറച്ച് കഴിഞ്ഞ് കാക്കാസാഹെബ്, അഹമ്മദ് നഗറിൽ ലെജിസ്റ്റേറ്റീവ് കൗൺസിലിലേക്ക് വോട്ടുകിട്ടാൻ പ്രചാരവേല ചെയ്യാനായി പോയി. കാക്കാസാഹെബ് മിരിക്കാറുടെ വീട്ടിൽ താമസിച്ചു. കാക്കാസാഹെബ് മിരിക്കാറുടെ മകനും കോപ്പർഗ വോണിലെ മംലത്ത്ദാറുമായ ബാലാസാഹെബ് മിരിക്കാറും അവിടെ ഒരു അശ്വപ്രദർശനം സംബന്ധിച്ചുവന്നു. എലക്ഷൻ

പ്രവൃത്തികഴിഞ്ഞപ്പോൾ കാക്കാസാഹെബ് ദീക്ഷിത്, ഷിർദ്ദിക്ക് പോവനാഗ്രഹിക്കുകയും അച്ഛനും മകനും അയാളെ ആരുടെ കൂടെയാണ് അയക്കേണ്ടത് എന്ന് ആലോചിക്കുകയുമായിരുന്നു. സായിബാബ അവിടെ അയാളെസ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയാണ്. ശാമക്ക് അയാളുടെ ഭാര്യാപിതാവിൽ നിന്നും അയാളുടെ ഭാര്യക്ക് സുഖമില്ലെന്നും ശാമയും ഭാര്യയും ഉടനെ അഹമദ്ദ് നഗറിലെത്തണമെന്നും ഒരു കമ്പി സന്ദേശം കിട്ടി. ശാമ ബാബയുടെ അനുമതിയോടുകൂടി പോയി നോക്കിയപ്പോൾ അയാളുടെ അമ്മായിഅമ്മക്ക് വളരെ സുഖമായതായി കണ്ടു. നാനാ സാഹിബ് പാൽഷെയും അപ്പാസാഹെബ്ഗദ്രിയും എക്സിബിഷനു പോവുന്ന വഴിക്ക് ശാമയെ കാണുകയും അയാളോട് മിരിക്കാരുടെ വീട്ടിൽപോയി കാക്കാസാഹെബ് ദീക്ഷിത്തിനെകണ്ട് അയാളെയും ഷിർദ്ദിയിലേക്കു കൊണ്ടുപോവാൻ പറയുകയും ചെയ്തു. കാക്കാസാഹെബ് ദീക്ഷിത്തിനെയും മിരിക്കാറെയും ശാമ വന്ന വിവരം അറിയിക്കുകയും ചെയ്തു. വൈകുന്നേരം ശാമ മിരിക്കാറുടെ വീട്ടിൽ ചെന്നപ്പോൾ കാക്കാസാഹെബിനെ പരിചയപ്പെടുത്തികൊടുത്തു. രാത്രി 10 മണിക്കുള്ള വണ്ടിക്ക് കാക്കാസാഹെബിനെയും കൂട്ടി ശാമ കോപ്പർഗാവോണിലേക്ക് പോവാൻ ഏർപ്പാടുചെയ്തു. ഇങ്ങനെ തീരുമാനിച്ചതിൽ പിന്നെ ഒരു പ്രത്യേക സംഭവമുണ്ടായി. ബാലാസാഹെബ് മിരിക്കാർ ബാബയുടെ വലിയെ ഒരു പടത്തിന്റെ മൂടുപടം നീക്കി കാക്കാസാഹെബിന് കാണിച്ചുകൊടുത്തു. ഇത് കണ്ട് താൻ ദർശത്തിനായി തേടി പോകുന്ന യോഗി വര്യൻ അവിടെതന്നെ ചിത്രരൂപത്തിലുണ്ടെന്ന് കണ്ട് കാക്കാസാഹെബ് വിസ്മയിച്ച് അത്യന്തം സന്തുഷ്ടനായി. പടത്തിന്റെ കാൽക്കൽ നമസ്ക്കരിച്ചു. ഈ പടം മേഘയുടെതായിരുന്നു. അതിന്റെ ചില്ല് പൊട്ടിയതുകൊണ്ട് റിപ്പ





യറിനായി മിരിക്കാറുടെ അടുക്കലേക്ക് അയച്ചതായിരുന്നു. അതിന്റെ റിപ്പയർ കഴിഞ്ഞിരുന്നതിനാൽ ആ പടം കാക്കാസാഹെബിന്റെയും ശാമയുടെയും വശം കൊടുത്തയ്ക്കാമെന്ന് തീരുമാനിച്ചു.

10 മണിക്ക് മുമ്പായി അവർ സ്റ്റേഷനിലേയ്ക്ക് പോയി ടിക്കറ്റ് ബുക്ക്ചെയ്തു. വണ്ടി വന്നപ്പോൾ രണ്ടാംക്ലാസ് നിറഞ്ഞുകഴിഞ്ഞതിനാൽ സീറ്റുണ്ടായിരുന്നില്ല. ഭാഗ്യവശാൽ വണ്ടിയുടെ ഗാർഡ്, കാക്കാസാഹെബിന്റെ പരിചയക്കാരനായിരുന്നതിനാൽ അവരെ ഫസ്റ്റ്ക്ളാസിൽ കൊണ്ടുപോയ് ഇരുത്തി. അങ്ങനെ അവർ സുഖമായി യാത്രചെയ്ത് കോപ്പർ ഗാവോണിലിറങ്ങി. അവിടെ വെച്ച് നാനാസാഹെബ് ചന്ദോർക്കറും ഷിർദ്ദിക്കുപോകുന്നതുകണ്ടപ്പോൾ അവർക്ക് അത്യധികം സന്തോഷമായി. കാക്കാസാഹെബും നാനാസാഹെബും അന്യോന്യം കെട്ടിപ്പിടിച്ചു. എന്നിട്ട് ഗോദാവരിയിൽ കുളിച്ച് ഷിർദ്ദിയിലേക്ക് പുറപ്പെട്ടു. അവിടെ എത്തി ബാബയെ ദർശനം ചെയ്തപ്പോൾ കാക്കാസാഹെബിന് മനസ്സുരുകി, കണ്ണുകൾ നിറഞ്ഞ് സീമാതീതമായ ആനന്ദം അനുഭവപ്പെട്ടു. ബാബ അയാളോട്, താൻ കാത്തിരിക്കുകയായിരുന്നു എന്ന് അതുകൊണ്ടാണ് ശാമയെ മുന്നിൽ അയച്ചതെന്നും പറഞ്ഞു.

കാക്കാസാഹെബ് പിന്നീട് വളരെ വർഷങ്ങൾ ബാബയോടുകൂടെ സന്തോഷമായി അവിടെ കഴിച്ചു. അയാൾ ഷിർദ്ദിയിൽ ഒരു വാഡയുണ്ടാക്കി. അവിടെ സ്ഥിരതാമസമാക്കി. അയാൾക്ക് ബാബയിൽ നിന്നുണ്ടായ അനുഭവങ്ങൾ അനവധിയാണ്. അവയിവിടെ പ്രസ്താവിക്കാൻ സാധ്യമല്ലാത്തത്ര അധികമുണ്ട്. ഈ ആഖ്യായിക ഒരു കാര്യവും കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ബാബ അയാളെ ആശ്വസിപ്പിച്ച് പറഞ്ഞു “അവസാനം ഞാൻ നിന്നെ ബലൂണിൽ കൊണ്ടുപോകും”. ഇത് സംഭവിച്ചു. 1926 ജൂലായ് 5ന് അയാൾ ഹേമദ്പാന്തിനോടുകൂടി തീവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. അവർ സായിബാബയെപറ്റി സംസാരിക്കുകയായിരുന്നു. പെട്ടെന്ന് അയാൾ ഹേമന്ത്പാന്തിന്റെ ചുമലിലേക്ക് ചാഞ്ഞ് യാതൊരു വിഷമവും വേദനയും കൂടാതെ അന്ത്യശ്വാസം വലിച്ചു.

**ശ്രീ തെമ്പായി സ്വാമി**

യോഗീശ്വരന്മാർ അന്യോന്യം എങ്ങനെ സ്നേഹിക്കുന്നു എന്നുദാഹരിക്കുന്ന ഒരു കഥപറയാം. ശ്രീ വാസുദേവാനന്ദസരസ്വതി എന്ന തെമ്പായി സ്വാമി, ഗോദാവരീതീരത്തിൽ രാജമന്ദ്രിയിൽ താമസമാക്കി. അദ്ദേഹം ഭക്തനും, യാഥാസ്ഥികനും, ജ്ഞാനിയും, യോഗിയും, ദത്താത്രേയന്റെ ഭക്തനുമായിരുന്നു. ഒരിക്കൽ നാൻഡെഡിലെ വക്കീലായ പുണ്ഡലീക്റാവ് അദ്ദേഹത്തെ ചില സുഹൃത്തുക്കളോടുകൂടി സന്ദർശിച്ചു. അവർ സംസാരിച്ചുകൊണ്ടിരിക്കെ ഷിർദ്ദിയെപറ്റിയും ബാബയെപറ്റിയും പറയാൻ ഇടയായി. ബാബയുടെ പേരുകേട്ടപ്പോൾ സ്വാമി കൈകൂപ്പി ഒരു തേങ്ങയെടുത്ത് പുണ്ഡലീക്റാവുവിന് കൊടുത്തുപറഞ്ഞു. “ഇത് എന്റെ പ്രണാമത്തോടുകൂടി എന്റെ സഹോദരൻ സായിക്കുകൊടുത്ത് എന്നെ മറക്കരുതെന്നും എപ്പോഴും എന്നെ സ്നേഹിക്കണമെന്നും പറയുക”. സ്വാമിമാർ അന്യോന്യം പ്രണമിക്കാറില്ലെങ്കിലും ഇക്കാര്യത്തിൽ അത് ഒരു അപവാദമായി കണക്കാക്കണമെന്നും അതാണ് താൻ നമസ്ക്കരിക്കുന്നതെന്നും പറഞ്ഞു. പുണ്ഡലിക്റാവു നാളികേരവും സന്ദേശവും ബാബക്ക് കൊടുക്കാമെന്നേറ്റു. സ്വാമിയും ബാബയും അഗ്നിയെ രാവുപകൽ കത്തിച്ചിരുന്നതിനാൽ ഇരു





വരും അഗ്നിഹോത്രികളായിരുന്നു. അക്കാരണത്താൽ സഹോദ രൻ എന്ന് സ്വാമി അഭിസംബോധന ചെയ്തത് സമുചിതമായി രുന്നു.

ഒരു മാസത്തിനുശേഷം പുണ്ഡലീക്റാവുവും മറ്റും ഷിർദ്ദിയിലേക്ക് പുറപ്പെട്ടു. നാളികേരവു കയ്യിലെടുത്തു. മന്മാ ഡിലെത്തിയപ്പോൾ ദാഹം തോന്നി പുഴക്കരയിലേക്ക് വെള്ളം കുടിക്കാൻ പോയി. വെറും വയിറ്റിൽ വെള്ളംകുടിക്കാൻ പാടി ല്ലാത്തതുകൊണ്ട് അവർ കുറച്ച് എരിവുള്ള ചീഡയെടുത്ത്. ചീഡക്ക് എരിവ് ജാസ്തിയായിരുന്നതിനാൽ ആരോ നാളി കേരം ചിരവിചേർത്താൽമതി എന്നു പറഞ്ഞു. സ്വാമികൊടുത്ത നാളി കേരം പൊട്ടിച്ച് വരണ്ടിചേർത്ത് എല്ലാവരും കഴിച്ചു. പുണ്ഡലീ ക്റാവുവും ഇതറിഞ്ഞതുമില്ല. ഷിർദ്ദിക്കടുത്തെത്തിയപ്പോൾ പുണ്ഡലീക്റാവു നാളികേരത്തെപറ്റി ഓർമ്മിച്ച്അന്വേഷിച്ചതിൽ അതാണ് ഉടച്ചുതിന്നതെന്നറിഞ്ഞ് വളരെ ദുഃഖിച്ചു. പേടിച്ച് വിറച്ചുകൊണ്ട് അയാൾ ബാബയെ ദർശിച്ചു. ചെമ്പൈസ്വാമി നാളികേരം അയച്ചവിവരം ബാബക്ക് കമ്പിയില്ലാകമ്പിപോലെ കിട്ടിയിരുന്നു. ബാബ പുണ്ഡലീക്റാവുവിനോട് തന്റെ സഹോ ദരൻ അയച്ച സാധനം തരാൻ ആവശ്യപ്പെട്ടു. അയാൾ ബാബ യുടെ കാലുപിടിച്ചു മാപ്പ് അപേക്ഷിച്ച് അനാസ്ഥ പൊറുക്കാനും മറ്റൊരു തേങ്ങ പകരം സ്വീകരിക്കാനും അപേക്ഷിച്ച് പശ്ചാത്ത പിച്ചു. ബാബ നാളികേരത്തിന്റെ മാഹാത്മ്യം വളരെ ആണെന്നും എത്ര ഇരട്ടി തേങ്ങകൊടുത്താലും അതിനും സമാനമാവില്ലെന്നും പറഞ്ഞു. പകരം വേറെ നാളികേരം വേണ്ടെന്നുപറഞ്ഞു. ബാബ ഇങ്ങനെ കൂട്ടിചേർത്തു. “ഇനി നീ ആ കാര്യത്തെപെറ്റി കുണ്ഡി തപ്പെടേണ്ട. എന്റെ കൽപ്പനപ്രകാരമാണ് നാളികേരം നിന്നെ ഏൽപ്പിച്ചതും. വഴിയിൽവെച്ച് ഉടച്ചതും. നീ എന്തിനാണ്

അതിന്റെ കർത്തൃത്വം ഏറ്റെടുക്കുന്നത്? നല്ലതും ചീത്തയുമായ പ്രവൃത്തികൾ ചെയ്യുന്നതിൽ കർത്തൃത്വം ഏറ്റെടുക്കരുത്. എല്ലാ കാര്യത്തിലും അഹംഭാവവും, ഗർവും ഇല്ലാതിരിക്കണം. എന്നാലെ ആദ്ധ്യാത്മിക പുരോഗമനം ത്വരിതപ്പെടുകയുള്ള" എന്തൊരു  സുന്ദരമായ ആദ്ധ്യാത്മിക ഉപദേശമാണ് ബാബ നൽകിയത്!.

## ബാലറാം ധുരന്ധർ (1878-1925)

ബാലറാം ധുരന്ധർ ബോംബെയിലെ സേൻട്രാക്രൂസിലുള്ള പത്തറിപ്രഭുവർഗ്ഗത്തിൽ പെട്ട ആളാണ്. അയാൾ ബോംബെ ഹൈക്കോടതിയിലെ അഡ്വക്കറ്റും കുറച്ചുകാലം ബോംബയിലെ ലോ സ്ക്കൂളിലെ പ്രിൻസിപ്പാളുമായിരുന്നു. ധുരന്ധർ കുടുംബം ഒന്നടക്കം ഭക്തൻമാരും മതവിശ്വാസികളുമായിരുന്നു. ബാലറാം അയാളുടെ വർഗ്ഗത്തേ സേവിക്കുകയും അതിനെ പറ്റി ഒരു ചരിത്ര പുസ്തകം എഴുതുകയും ചെയ്തു. പിന്നീട് അയാൾ ആധ്യാത്മികവും മതപരവുമായ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു. ഗീതയും അതിന്റെ വ്യാഖ്യാനമായ ജ്ഞാനേശ്വരിയും മറ്റു പുണ്യ ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവ്വം വായിച്ചു. അയാൾ പന്ധർപൂരിലെ വിറ്റോബയുടെ ഭക്തനായിരുന്നു. 1912 ൽ അയാൾ സായിബാബ യുമായി സമ്പർക്കത്തിലായി അതിന്റെ ആറ് മാസങ്ങൾക്കുമുൻപ് അയാളുടെ സഹോദരൻമാരായ ബാബുൾജിയും വാമൻറാവുവും ഷിർദ്ദിയിൽ ബാബയെ ദർശനം ചെയ്തിരുന്നു. അവർ വീട്ടിൽ ചെന്ന് ബാലറാമിനോടും മറ്റും വീട്ടുകാരോടും അവരുടെ മധു രാനുഭവങ്ങളെപറ്റി പറഞ്ഞു. അങ്ങനെ അവർ എല്ലാവരും ബാബയെ കാണാൻ തീർച്ചപ്പെടുത്തി. അവർ ഷിർദ്ദിയിൽ എത്തു ന്നതിനുമുൻപ് തന്നെ ബാബ പരസ്യമായി പ്രഖ്യാപിച്ച " ഇന്നു വളരെ അധികം പേർ എന്റെ ദർബാറിലേക്ക് വരുന്നുണ്ട്". ധുര





ന്ധർ സഹോദരന്മാർ ബാബ ഇങ്ങനെ പറഞ്ഞവിവരം മറ്റുള്ളവ രിൽനിന്ന് അറിഞ്ഞു വിസ്മിതരായി. അവർ യാതൊരു വിവ രവും മുൻകൂട്ടി അറിയിച്ചിരുന്നില്ല. മറ്റുജനങ്ങൾ ബാബയെ പ്രണ മിച്ച് അവിടെ ഇരുന്നു. ബാബ അവരോട് "ഞാൻ മുൻപ് പഞ്ഞ ദർബാറുകാരാണ് ഇവർ" എന്നുപറഞ്ഞു. ധുരന്ധർ സഹോദര ന്മാരോടായി "നാം കഴിഞ്ഞ 60 ജന്മങ്ങളിൽ സുപരിചിതരാണ്" എന്നു പറഞ്ഞു. എല്ലാ സഹോദരന്മാരും ഭക്തൻമാരും വിനീത രുമായിരുന്നു. അവർ ബാബയുടെ പാദങ്ങളിൽ നോക്കി കൈകൂ പ്പിനിന്നു. അവർ ആനന്ദാശ്രുപൊഴിച്ച് തൊണ്ട ഇടറിക്കൊണ്ട് സന്തുഷ്ടരായിട്ടാണ് നിന്നത്. ഈ വക സാത്വീകവികാരങ്ങൾ ഭക്തിലക്ഷണമാണ്. പിന്നീട് അവർ ലോഡ്ജിലേക്ക് പോയി ഭക്ഷണം കഴിച്ച് കുറച്ച് വിശ്രമിച്ച് വീണ്ടു മസ്ജിദ്ദിലേക്ക് വന്നു. ബാലാറാം, ബാബയുടെ അടുക്കൽ കാൽ തലോടിക്കൊടുത്തി രുന്നു. ബാബ താൻ വലിക്കുന്ന ചിലിം കൊടുത്ത് വലിക്കാൻ പറഞ്ഞു. ബാലറാം പുകവലിക്കാറില്ലെങ്കിലും അത് സ്വീകരിച്ച് പ്രയാസപ്പെട്ട് പുകവലിച്ച് ബഹുമാനപുരസ്സരം മടക്കികൊടുത്ത് നമസ്ക്കരിച്ചു. ഇത് ബാലറാമിന്റെ ഏറ്റവും മംഗളകരമായ മുഹൂർത്തമായിരുന്നു. അയാൾക്ക 6 കൊല്ലങ്ങളോളമായി കാസ രോഗമായിരുന്നു. ഈ പുക ആ സുഖക്കേട് എന്നന്നേക്കുമായി സുഖപ്പെടുത്തി. 6 കൊല്ലം കഴിഞ്ഞ് ഒരിക്കൽ ഒരുദിവസം മാത്രം അയാൾക്ക് വീണ്ടും കാസരോഗമുണ്ടായി അത് ബാബയുടെ മഹാസമാധിദിവസം അതേസമയത്തായിരുന്നു.

അവർ വന്നത് ഒരു വ്യാഴാഴ്ച ആയിരുന്നതിനാൽ ധുര ന്ധർ സഹോദരന്മാർക്ക് ചാവടി എഴുന്നെള്ളത്ത് അന്നുരാത്രി യിൽ കാണാനുള്ള ഭാഗ്യവും സിദ്ധിച്ചു. ചാവടിയിൽ ആരതി നടക്കുമ്പോൾ ബാലാറാം, ബാബയുടെ മുഖത്ത് പാണ്ഡുരങ്കന്റെ

പ്രഭ വ്യക്താമായി കണ്ടു. പിറ്റേന്ന് കാലത്ത് കാക്കഡ് ആരതി സമയത്തും, അതേ പ്രഭ, അതേ പാണ്ഡുരങ്കന്റെ ഭാവം വീണ്ടും അയാൾ ബാബയുടെ മുഖത്ത് കണ്ടു.

ബാലാറാം മറാത്തിയിൽ മഹാരാഷ്ട്രത്തിലെ യോഗിയായ തുക്കാറാമിന്റെ ജിവ ചരിത്രം എഴുതിയിരുന്നു. പക്ഷെ അതിന്റെ പ്രസിദ്ധീകരണം കാണുവാൻ അയാൾ ജീവിച്ചിരുന്നില്ല. 1928ൽ ആണ് അത് അയാളുടെ സഹോദരന്മാർ പ്രസിദ്ധീകരിച്ചത്. ആ പുസ്തകത്തിന്റെ മുഖവുരയിൽ ബാലറാം ബാബയെ സന്ദർശിച്ച ഒരു ചുരുക്കവിവരം ചേർത്തിയിട്ടുണ്ട്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!